പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 606 — 11.07.2012 ൽ മറുപടിക്ക്

## രാത്രികാല പട്രോളിംഗ് ഡ്യൂട്ടിയിലുള്ള പോലീസുകാർക്കുള്ള സുരക്ഷാ മുൻകരുതലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>,, റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) രാത്രികാല പട്രോളിംഗിൽ ഏർപ്പെട്ടിട്ടുള്ള പോലീസുകാർ അഭിമുഖീകരിക്കേണ്ടിവരുന്ന ഭീഷണികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ആയതു കണക്കിലെടുത്ത് എന്തെല്ലാം സുരക്ഷാ മുൻ കരുതലുകളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;<br><br>(സി) രാത്രികാല പട്രോളിംഗിന് നിയുക്തരാകുന്ന പോലീസുകാർക്കു റിവോൾവർ ഉൾപ്പെടെയുള്ള ആയുധങ്ങൾ നല്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) യും (സി) യും രാത്രികാല പട്രോളിംഗ് ഡ്യൂട്ടിയ്ക്ക് പോകുന്ന പോലീസുദ്യോഗസ്ഥർക്ക് സുരക്ഷയ്ക്കായി ലാത്തി, ടോർച്ച്, സെർച്ച് ലൈറ്റ്, വയർലസ് സെറ്റ്, മൊബൈൽ ഫോൺ, ഹെൽമറ്റ്, ബോഡി പ്രൊട്ടക്റ്റർ എന്നിവ സാധാരണയായി നൽകാറുണ്ട്. എ.എസ്.ഐ. മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് റിവോൾവറും നൽകുന്നുണ്ട്. പോലീസിനെ കൂടാതെ BSF, CRPF, CISF, RPF എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരുടെ ദൈനംദിന ഡ്യൂട്ടിക്കിടയിലും അബദ്ധത്തിൽ റിവോൾവർ/റൈഫിൾ എന്നിവയിൽ നിന്നും വെടിപൊട്ടി ജീവഹാനി ഉൾപ്പെടുയുള്ള അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്. കൂടാതെ അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ട ഇത്തരത്തിലുള്ള ആയുധങ്ങൾ ഡ്യൂട്ടിയുടെ ഭാഗമായി കൊണ്ടുനടക്കുമ്പോൾ പോലീസുദ്യോഗസ്ഥർക്ക് സ്വാതന്ത്ര്യത്തോടെ കർത്തവ്യ നിർവ്വഹണത്തിൽ ഏർപ്പെടുന്നതിന് ബുദ്ധിമുട്ടുണ്ടാകാവുന്നതാണ്. കൂടാതെ |

ജനങ്ങൾക്കിടയിൽ ഇത് പരിഭ്രാന്തി ഉളവാക്കാനും സാധ്യതയുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ പോലീസുദ്യോഗസ്ഥർക്ക് റിവോൾവർ നൽകുന്നത് അഭികാമ്യമാണോയെന്ന് പരിശോധിക്കേണ്ടതുണ്ട്. പോലീസ് സേനയുടെ അംഗബലം ഘട്ടം ഘട്ടമായി വർദ്ധിപ്പിച്ച് മതിയായ സുരക്ഷാ ഉപകരണങ്ങളുടെ സഹായത്തോടെ രാത്രികാല പട്രോളിംഗ് ഡ്യൂട്ടി സുരക്ഷിതമായി നിർവ്വഹിക്കുന്നതരത്തിൽ പോലീസ് സേനയെ പ്രാപ്തമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ